# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3721
11-11-2019-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക**

| **ചോദ്യം**<br>**ശ്രീ.വി.എസ്.ശിവകുമാർ** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) 2018 ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന് ശേഷം ആഗസ്റ്റ് 15 മുതൽ 2019 ആഗസ്റ്റ് 10 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്ത് തുക സംഭാവനയായി ലഭിച്ചു; | പ്രളയവുമായി ബന്ധപ്പെട്ട് 2018 ആഗസ്റ്റ് 15 മുതൽ 2019 ആഗസ്റ്റ് 10 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 4272.07 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്. |
| ബി) പുനരധിവാസ പുനർ നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും മേൽ കാലയളവിൽ ലഭിച്ച സഹായമെത്രയാണ്; | 2018 പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപ അടിയന്തിരസഹായമായി ലഭ്യമായിട്ടുണ്ട്. |
| സി) ലോകബാങ്ക്, നബാർഡ്, ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു എന്നിവയിൽ നിന്നും വായ്പയായി ലഭിച്ച തുകയെത്രയാണ്; | പ്രളയവുമായി ബന്ധപ്പെട്ട് പുനർ നിർമ്മാണപദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു യിൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു യിൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടി അന്തിമഘട്ടത്തിലാണ്. പ്രളയവുമായി ബന്ധപ്പെട്ട് നബാർഡിൽ നിന്ന് വായ്പ ലഭ്യമായിട്ടില്ല. |

| | |
|---|---|
| ഡി) മുഖ്യമന്ത്രിയുടെ വിദേശ സന്ദർശന ഫലമായി ഇക്കാര്യത്തിനായി വിദേശരാജ്യങ്ങളിൽ നിന്നും എത്ര കോടി രൂപ ധനസഹായമായി ലഭിച്ചു ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പ്രളയവുമായി ബന്ധപ്പെട്ട് വിദേശ രാജ്യങ്ങളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല. വിദേശ മലയാളികൾ CMDRF ന് സംഭാവനകൾ നൽകിയിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**